മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി.19.08.2024

# സർക്കുലർ

**പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,**

വിഷയം: സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിക്കുന്നത് -സംബന്ധിച്ച്

സൂചന: നമ്പർ 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി: 17.7.2024

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ പങ്കാളിത്തത്തോടെ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ വിവിധ ഭൂപ്രദേശങ്ങളിൽ ഉൾപ്പെട്ട പഞ്ചായത്തു കളിലെ പ്രവൃത്തികളുടെ ഫീൽഡ് പരിശോധനയ്ക്ക് ആവശ്യമായ സോഷ്യൽ ഓഡിറ്റ് ദിനങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിൽ കണക്കാക്കി നൽകുന്ന ഫീൽഡ് വെരിഫിക്കേഷൻ തൊഴിൽ ദിനങ്ങളിൽ ചില അപാകതകൾ ഉണ്ടെന്ന് 2024 ആഗസ്റ്റ് 17-ാം തീയതി ചേർന്ന ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല അവലോകന യോഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ ഉൾപ്പെട്ട ഭൂവികസന പ്രവൃത്തികളുടെയും വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ് പ്രവൃത്തികളുടെയും ഫീൽഡുകളുടെ എണ്ണം ചില പഞ്ചായത്തുകളിൽ വളരെ കൂടുതൽ ആണെന്ന് അഭിപ്രായപ്പെടുക യുണ്ടായി. ഇക്കാര്യം കണക്കിലെടുത്തികൊണ്ട് മേൽ സൂചന സർക്കുലർ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ ഉൾപ്പെട്ട ഭൂവികസന പ്രവൃത്തികളുടെയും വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ് പ്രവൃത്തികളുടെയും ഫീൽഡ് പരിശോധന യുമായി ബന്ധപ്പെട്ട് പ്രവൃത്തിദിനം കണക്കാക്കുന്നതിന് ഭൂവികസന പ്രവൃത്തികളിലും വാട്ടർഷെഡ് പ്രവൃത്തികളിലും വർക്കിന്റെ എണ്ണം എന്നത് **ഓരോ വർക്കിലും ഉൾപ്പെട്ട ഫീൽഡ് അല്ലെങ്കിൽ വർക്ക് സൈറ്റ് എന്ന് കണക്കാക്കി സോഷ്യൽ ഓഡിറ്റ് പ്രവൃത്തി ദിനം നിശ്ചയിക്കാ വുന്നതാണ്.** ഇതനുസരിച്ച് തീരദേശ പഞ്ചായത്തുകളിൽ രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 28 ഫീൽഡ്/സൈറ്റ് വെരിഫിക്കേഷനും ഇടനാട് പഞ്ചായത്തുകളിൽ രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 22 ഫീൽഡ്/ സൈറ്റ് വെരിഫിക്കേഷനും മലനാട് പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ രണ്ട് പേരടങ്ങിയ ടീം ഏറ്റവും കുറഞ്ഞത് 16 ഫീൽഡ്/സൈറ്റുകളുടെ അളവുകൾ രേഖപ്പെടുത്തുന്നതടക്കമുള്ള ഫീൽഡ് പരിശോധന പൂർത്തിയാക്കേണ്ടതാണ്. ഫീൽഡുകളുടെയും സൈറ്റുകളുടെയും എണ്ണം കണക്കാക്കുന്നത് എസ്റ്റിമേറ്റിലെ രേഖപ്പെടുത്തൽ അല്ലായെന്നും മെഷർമെന്റ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള യാഥാർത്ഥത്തിലുള്ള നിർവ്വഹണത്തെ അടിസ്ഥാനപ്പെടുത്തിയുമായിരിക്കണം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:

1. എല്ലാ ഡി.ആർ.പിമാർക്കും
2. എല്ലാ ബി.ആർ.പിമാർക്കും (ഡി.ആർ.പി മുഖേന)
3. എല്ലാ വി.ആർ.പി.മാർക്കും (ബി.ആർ.പി.മുഖേന)
4. ഫയൽ/സ്റ്റോക്ക് ഫയൽ, അക്കൗണ്ട്സ് സെക്ഷൻ, എസ്.എ.യു